TM243214D

Reg. No :................................

Name :..................................

**MASTER'S DEGREE (C.S.S) EXAMINATION, FEBRUARY 2024**

**2022 ADMISSIONS SUPPLEMENTARY (SAY)**

**SEMESTER III - CORE COURSE MALAYALAM**

**MA3C12M - Malayala Bhasha Vyakaranam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. സംസ്കൃതവ്യാകരണത്തിലെ വേദാംഗങ്ങൾ എത്ര? ഏതെല്ലാം?
2. ഭാഷാശാസ്ത്രം വ്യാകരണത്തോട് ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
3. നിർദ്ദേശാത്മക വ്യാകരണ സമീപനം എന്നാൽ എന്ത്?
4. "മകാരം താനനുസ്വാരം സ്വരം ചേർന്നാൽ തെളിഞ്ഞിടും വർഗ്ഗ്യങ്ങൾ പരമായ് വന്നാൽ അതാതിൻറെ പഞ്ചമം വരും "- വ്യാഖാനിക്കുക.
5. അധികാക്ഷരങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക
6. തനിനാമം , സർവ്വനാമം, ആഖ്യാതം എന്നിവയിലെ ലിംഗപ്രത്യയങ്ങൾ ഏതെല്ലാം ? വിശദീകരിക്കുക.
7. കൃത്ത് എന്നാൽ എന്ത്? കേരളപാണിനി ഇവയെ വർഗ്ഗീകരിച്ചിരിക്കുന്നതെങ്ങനെ?
8. മുറ്റുവിന, പറ്റുവിന എന്നിവയ്ക്ക് ഏ. ആർ നൽകുന്ന നിർവചനങ്ങളെന്തെല്ലാം?
9. അനുപ്രയോഗധാതു, പ്രാക്പ്രയോഗധാതു എന്നിവ തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.
10. വിഭക്തിക്കുറി കൂടാതെ പദയോഗം സമാസമാം - വ്യാഖ്യാനിക്കുക.

LIBRARY

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. കേരളപാണിനീയത്തിനു മുൻപ് രചിക്കപ്പെട്ട മലയാള വ്യാകരണഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.
12. പാശ്ചാത്യ വ്യാകരണപദ്ധതികൾ വിവരിക്കുക.
13. മലയാള വ്യാകരണ പഠനത്തിൽ രചനാന്തരണ പ്രജനക വ്യാകരണങ്ങളുടെ സാധ്യത പരിശോധിക്കുക.
14. വ്യഞ്ജനങ്ങളെ കേരളപാണിനി വർഗ്ഗീകരിച്ചിരിക്കുന്നതിൻറെ അടിസ്ഥാനമെന്ത്?
15. മലയാളത്തിലെ പ്രധാന വർണ്ണവികാരങ്ങൾ ഏതെല്ലാം ?
16. വിഭക്ത്യാഭാസങ്ങളെ വിലയിരുത്തുക.
17. കാലപ്രത്യയങ്ങളുടെ നിഷ്പത്തി സംബന്ധിച്ച അഭിപ്രായങ്ങൾ സംഗ്രഹിക്കുക.
18. പരമ്പരാഗത വാക്യവിഭജന രീതികൾ വിശദീകരിക്കുക.

**Part C**

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. മലയാളത്തിലെ അക്ഷരങ്ങളുടെ എണ്ണത്തെക്കുറിച്ച് വിവിധ വൈയാകരണന്മാരുടെ നിലപാടുകൾ ക്രോഡീകരിക്കുക.
20. വിഭക്തിപ്രത്യയങ്ങൾ,ലിംഗപ്രത്യങ്ങൾ എന്നിവയുടെ ആഗമനം സംബന്ധിച്ച ഏ. ആറിൻറെ നിഗമനങ്ങൾ വിവരിക്കുക.
21. പ്രയോജക പ്രകൃതിയെന്തെന്ന് വിശദീകരിച്ച് അവയ്ക്ക് ഏ. ആർ കല്പിക്കുന്ന വിശേഷവിധികൾ വിശകലനം ചെയ്യുക.
22. പൊതുപദങ്ങളുടെ നിർമിതിയിൽ സമാസങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് സോദാഹരണം വിവരിക്കുക.